**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **06-12-2022 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നികുതി പിരിച്ചെടുക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നികുതി പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്**<br><br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി. നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനിയിലൂടെ വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണമായും സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത ബാക്ക് എൻഡ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണമായും മാറിയിട്ടുണ്ട്. റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്. വകുപ്പിന്റെ വിവര സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തിയും പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടും |

നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. നിയമത്തിനനുസൃതമായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ജി.എസ്.ടി. യ്ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**<u>രജിസ്ട്രേഷൻ വകുപ്പ്</u>**

നികുതി പിരിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ മാസവും വകുപ്പ് തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. ജില്ലാ രജിസ്ട്രാർമാരുടെയും മേഖലാ ഡി.ഐ.ജി.മാരുടെയും യോഗം എല്ലാ മാസവും ആസ്ഥാന ഓഫീസിൽ ചേർന്ന് നികുതി പിരിവ് അവലോകനം ചെയ്യാറുണ്ട്. കെട്ടിടങ്ങളുടെ വിലകുറച്ചുവയ്ക്കുക, അണ്ടർവാല്യുവേഷൻ കേസുകളുടെ തീർപ്പാക്കൽ എന്നിവയുൾപ്പെടെ അവലോകനത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. അതു കൂടാതെ ജില്ലാ തലത്തിൽ ഓരോ സബ് രജിസ്ട്രാർ ഓഫീസിന്റെയും നികുതി വരുമാനവും അവലോകനം ചെയ്യുന്നുണ്ട്.

**<u>എക്സൈസ് വകുപ്പ്</u>**

എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂർ ആയി ഫീസ്/ നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമിത വിദേശമദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**<u>ട്രാൻസ്പോർട്ട് വകുപ്പ്</u>**

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിനും എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. നികുതി അടയ്ക്കാതെ പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്ത് വകുപ്പിന് ലഭിക്കാനുള്ള നികുതി ഈടാക്കാനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. ദീർഘകാലമായി നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളിൽ നിന്ന്

| | | | |
|---|---|---|---|
| | | | നികുതി ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ നടപടികളും സ്വീകരിച്ച് വരുന്നു.<br><br>**<u>റവന്യൂ വകുപ്പ്</u>**<br><br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി 10.10.2022 ലെ സ.ഉ.(കൈ).നം.234/2022/ ആർ.ഡി ഉത്തരവ് പ്രകാരം പ്രത്യേക ഊർജിത നികുതി പിരിവ് യത്നം 2022-23 ആരംഭിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കേന്ദ്രസർക്കാരിലേക്ക് നൽകുമ്പോഴും ചെലവിന്റെ മൂന്നിലൊന്ന് മാത്രം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സാഹചര്യത്തിൽ, വർദ്ധിച്ച ചെലവുകൾ നേരിടുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വർദ്ധിച്ച ചെലവുകൾ നേരിടുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>**<br><br>ജി.എസ്.ടി. പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജീവനക്കാർക്ക് വേണ്ട പരിശീലനങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. ഇതുകൂടാതെ ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നികുതി പിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജി.എസ്.ടി.എൻ വികസിപ്പിച്ച പുതിയ സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് മാറിയിട്ടുണ്ട്. റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കും. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ |

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2010 - ൽ ഭൂമിയുടെ ന്യായവില നിർണയിച്ച് പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020, 2022 വർഷങ്ങളിൽ 10 ശതമാനം വീതവും വർധിപ്പിക്കുകയുമുണ്ടായി. നിലവിലുള്ള വിപണിവിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനും നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമായി, ഭൂമിയുടെ ന്യായവില സമഗ്രമായി പുനഃനിർണ്ണയിക്കാൻ 14-08-18 ലെ G.O.(Ms).No. 302/18/RD പ്രകാരം ഉത്തരവായി. ഭൂമിയുടെ ന്യായവില സമഗ്രമായി പുന:നിർണ്ണയിക്കുന്നതിലൂടെ വിപണിവിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനും അതുവഴി നികുതിപിരിവ് കാര്യക്ഷമമാക്കുവാനും സാധിക്കും. ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ ലാൻഡ് റവന്യൂ വകുപ്പിലാണ് നടന്നുവരുന്നത്.

ഫ്ലാറ്റുകൾ/ അപ്പാർട്ടുമെന്റുകൾ എന്നിവ വിലകുറച്ചു രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്റ്റിലൂടെ ഫ്ലാറ്റുകൾ അപ്പാർട്ടുമെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. അതിനുശേഷം 2020 ഏപ്രിൽ 1 മുതൽ ഫ്ലാറ്റുകൾ/ അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും 23.05.2018-ലെ G.O.(P).No. 74/2018/TD പ്രകാരം ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി, 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ട്രാൻസ്പോർട്ട് വകുപ്പ്**

| | | | |
|---|---|---|---|
| | | | നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനും നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല, വകുപ്പിൽ പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>റവന്യൂ വകുപ്പ്</u>**<br><br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്ന തിലേക്കായി 10.10.2022 ലെ G.O.(Ms).No.234/2022/RD നമ്പരായി പ്രത്യേക ഊർജിത പിരിവ് യത്നം 2022-23 ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Daily collection ജില്ലയിൽ നിന്നും ലഭ്യമാക്കി അവലോകനം ചെയ്തുവരുന്നു. രണ്ട് ആഴ്ച്ചയിലൊരിക്കൽ ജില്ലാതലത്തിലും, മാസത്തിലൊരിക്കൽ സംസ്ഥാനതലത്തിലും അവലോകനം നടത്തി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ജനസംഖ്യയ്ക്കനുസൃതമായി അർഹമായ നികുതി വിഹിതം നൽകുവാൻ കേന്ദ്രം തയ്യാറാകാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ